# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2175** — **13.06.2019 - ൽ മറുപടിക്ക്.**

## റേഷൻ കാർഡുകൾ ആധാറുമായി ലിങ്ക് ചെയ്യുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. യു.ആർ പ്രദീപ്:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് നിലവിൽ എത്ര ലക്ഷം റേഷൻ കാർഡുകളുണ്ടെന്ന് വ്യക്തമാക്കുമോ; | **(എ)** സംസ്ഥാനത്ത് നിലവിൽ 85,72,314 റേഷൻ കാർഡുകൾ ഉണ്ട്. |
| **(ബി)** സംസ്ഥാനത്തെ ഓരോ റേഷൻകാർഡ് ഉടമക്കും പ്രതിമാസം അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ്, വില എന്നിവ അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | **(ബി)** റേഷൻ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള SMS സന്ദേശങ്ങൾ റേഷൻ കാർഡുകളുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരുകളിലേക്ക് അയയ്ക്കുന്നതിനായി 2017 ആഗസ്റ്റ് മാസം മുതൽ കേന്ദ്രസർക്കാർ സ്ഥാപനമായ C-DAC ന്റെ Mobile Service Delivery Gateway (https://services.mgov.gov.in) ഉപയോഗിച്ചു വരുന്നു. നാളിതുവരെ 67.83 കോടി SMS ഗുണഭോക്താക്കൾക്ക് അയച്ചിട്ടുണ്ട്.<br>ഇതിന് പുറമേ, സിവിൽ സപ്ലൈസ് വകുപ്പിന്റെ Official facebook page ആയ "Department of Food & Civil Supplies, Kerala" ൽ പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള അറിയിപ്പ് നൽകുന്നുമുണ്ട്. |
| **(സി)** റേഷൻകാർഡ് ഉടമകളുടെ ആധാർ റേഷൻകാർഡുമായി ലിങ്ക് ചെയ്യുന്ന പ്രവർത്തനങ്ങളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ; | **(സി)** ആകെയുള്ള 36,504,450 റേഷൻകാർഡംഗങ്ങളിൽ 31,182,636 പേരുടെയും ആധാർ നമ്പർ സീഡ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അംഗങ്ങളെ സീഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| **(ഡി)** ഒന്നിൽകൂടുതൽ റേഷൻ കാർഡുകളിൽ ഉൾപ്പെട്ടവർ ആധാർ ലിങ്ക് ചെയ്യുന്നതിന് വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ഡി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(ഇ) ആധാർ നമ്പർ ലഭ്യമായിട്ടുള്ള മുഴുവൻപേരെയും അവരവരുടെ റേഷൻകാർഡുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്നു ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

(ഇ) നിലവിൽ റേഷൻ കടകളിൽ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീൻ വഴിയും താലൂക്ക് സപ്ലൈ ആഫീസുകൾ വഴിയും ആധാർ റേഷൻ കാർഡുമായി ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ആധാർ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്റെ ഭാഗമായി അക്ഷയ വഴിയും സിറ്റിസൺ ലോഗിനിൽ നേരിട്ടും ആധാർ സമർപ്പിക്കുന്നതിനുള്ള മൊഡ്യൂൾ എൻ.ഐ.സി മുഖാന്തിരം തയ്യാറാക്കി വരുന്നു. കൂടാതെ ആർ.സി.എം.എസിൽ ഉൾപ്പെട്ടിട്ടുള്ള ഡ്യൂപ്ലിക്കേറ്റ് അംഗങ്ങളെ ഒഴിവാക്കുന്നതിനായും എൻ.ഐ.സി മുഖേന മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ പുതിയ റേഷൻ കാർഡ് എടുക്കുന്നതിനും റേഷൻ കാർഡിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനും ആധാർ നിർബന്ധമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**